# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.915 11.03.2015-ൽ മറുപടിക്ക്

### കൊയിലാണ്ടി നഗരസഭാ കേന്ദ്രീകൃത കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ.കെ. ദാസൻ : | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ കൊയിലാണ്ടി നഗരസഭയിൽ കേന്ദ്രീകൃത കുടിവെള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ച് വാട്ടർ അതോറിറ്റി തയ്യാറാക്കി സമർപ്പിച്ച പദ്ധതി കേരള വാട്ടർ അതോറിറ്റി. എം.ഡി. തലത്തിൽ പരിശോധിച്ച് സ്വീകരിച്ച നടപടികൾ<br><br>വിശദമാക്കുമോ ; | എ. കൊയിലാണ്ടി നഗരസഭയ്ക്ക് വേണ്ടി കോഴിക്കോട് ജിക്കാ പദ്ധതിയുടെ ശുദ്ധജല സംഭരണിയിൽ നിന്നും 14 എം.എൽ.ഡി. ശുദ്ധജലം ഉപയോഗ പ്പെടുത്തുന്ന 96 കോടി രൂപയുടെ ഒരു പദ്ധതിയാണ് വിഭാവനം ചെയ്തിരുന്നത്. പ്രസ്തുത ഡി.പി.ആർ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ഓഫീസിൽ ലഭിക്കുകയും ഇത് സംബന്ധിച്ച് ഫീസിബിലിറ്റി റിപ്പോർട്ടിനായി ചീഫ് എഞ്ചിനീയർ (ജിക്ക) യോട് ആവശ്യപ്പെടുകയുമുണ്ടായി.<br><br>എന്നാൽ ജിക്ക കോഴിക്കോട് പദ്ധതി കോഴിക്കോട് കോർപ്പറേഷനും അനുബന്ധിച്ചുള്ള 16 പഞ്ചായത്തു കൾക്കു മായി വിഭാവനം ചെയ്തിട്ടുള്ള താണെന്നും വിതരണ ശൃംഖലയുടെ ആരംഭത്തിൽ നിന്നും കൊയിലാണ്ടി പദ്ധതിക്ക് വേണ്ടി ജലം എടുക്കുകയാ ണെങ്കിൽ ബേപ്പൂർ, കടലുണ്ടി എന്നീ പ്രദേശങ്ങളിൽ ശുദ്ധജല ക്ഷാമം അനുഭവപ്പെടുമെന്നും മാനേജിംഗ് ഡയറക്ടറെ ചീഫ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. മാത്രമല്ല ജിക്കാ കോഴിക്കോട് പദ്ധതിയിൽ 16 പഞ്ചായത്തുകൾക്കല്ലാതെ ഇതര ആവശ്യങ്ങൾക്കായി ഡിസൈനിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ കൊയിലാണ്ടി നഗരസഭയ്ക്ക് വേണ്ടി ജിക്കാ പദ്ധതിയിൽ നിന്നും ജലം ലഭ്യമാക്കുന്നതിന് നിലവിലുള്ള ഡിസൈൻ പ്രകാരം സാധ്യമല്ല. |

| | | | |
|---|---|---|---|
| ബി | നഗരസഭയിൽ ഒരു കേന്ദ്രീകൃത ശുദ്ധജല വിതരണ പദ്ധതി ഇല്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | ബി. | ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| സി | ശുദ്ധജല വിതരണത്തിനായി സമഗ്ര മായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ? | സി | നിലവിൽ തയ്യാറാക്കിയ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിലെ ജലലഭ്യതക്കുറവ് മറ്റ് ജലസ്രോതസ്സുകൾ കൂടി പരിശോധിച്ച് ജലലഭ്യത ഉറപ്പ് വരുത്തി പദ്ധതിയുമായി മുന്നോട്ട് പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ